# കുറ്റവും ശിക്ഷയും

**ജസ്റ്റിസ്** എസ്.എച്ച് കപാഡിയ സുപ്രീംകോടതിയിലെ സീനിയർ ജഡ്ജിയാണ്. ഏതാനും മാസങ്ങൾക്കുശേഷം ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ വിരമിക്കുമ്പോൾ ആ സ്ഥാനമേറ്റെടുക്കേണ്ടയാൾ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ദാരിദ്ര്യമാണ് രാജ്യത്തിന്റെ യഥാർഥ പ്രശ്നം. അതു പരിഹരിക്കാൻ മതത്തെ വീടുകൾക്കകത്ത് ഒതുക്കി വെക്കേണ്ടതനിവാര്യമാണെന്നും അദ്ദേഹം നിർദേശിക്കുന്നു. മതം മനുഷ്യന്റെ സ്വകാര്യ ഇടപാടാണ്. മനുഷ്യാവകാശദിനം പ്രമാണിച്ച് ദൽഹിയിൽ സംഘടിപ്പിക്കപ്പെട്ട സദസ്സിൽ നടത്തിയ പ്രഭാഷണത്തിലാണ് ജ. കപാഡിയ ഈ അഭിപ്രായപ്രകടനം നടത്തിയത്. ഉപരാഷ്ട്രപതി ഹാമിദ് അൻസാരി അടക്കം പ്രമുഖ വ്യക്തിത്വങ്ങളും ഉന്നത നിയമജ്ഞരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

ദാരിദ്ര്യമാണ് ഇന്ത്യയുടെ യഥാർഥ പ്രശ്നമെന്നതിൽ ജ. കപാഡിയയോട് അധികമാരും വിയോജിക്കുമെന്ന് തോന്നുന്നില്ല. മതം സ്വകാര്യ ജീവിതത്തിലെ ഇടപാടാണ് എന്ന വീക്ഷണത്തോട് വിയോജിപ്പുള്ളവരുണ്ട്. എങ്കിലും ആ അഭിപ്രായ പ്രകടനത്തിൽ പുതുമയൊന്നുമില്ല. പടിഞ്ഞാറുനിന്നു കടന്നുവന്ന ഈ ആശയം വളരെ കാലമായി ഒരു ഫാഷനായും ആദർശമായുമൊക്കെ ഇവിടെ കൊണ്ടാടപ്പെട്ടുവരുന്നതാണ്. മതവും സമൂഹവും തമ്മിലുള്ള ബന്ധം ആഴത്തിൽ വിലയിരുത്താൻ ശ്രമിച്ചിട്ടില്ലാത്തവരാണ് ഇങ്ങനെ കൊണ്ടാടുന്നവരിലധികവും. സ്വകാര്യ ജീവിതം, പൊതുജീവിതം, മതം എന്നിവക്ക് വ്യക്തവും പ്രായോഗികവുമായ നിർവചനം നൽകുമ്പോൾ മതത്തെ പൊതുജീവിതത്തിൽനിന്ന് പൂർണമായി പുറംതള്ളുക അത്ര എളുപ്പമല്ലെന്നു ബോധ്യമാകും. മതം പൊതു ജീവിതത്തിൽ ഇടപെടുന്നതാണ് ദാരിദ്ര്യനിർമാർജനത്തിനു മുമ്പിലുള്ള മുഖ്യ പ്രതിബന്ധം എന്ന നിലപാടും മനസ്സിലാക്കാൻ പ്രയാസമുണ്ട്. സെക്യുലർ ഇന്ത്യയുടെ കാർഷിക-വ്യവസായിക നയങ്ങളോ സമ്പദ്ഘടനയോ രൂപപ്പെടുത്തിയിട്ടുള്ളത് ഏതെങ്കിലും മതത്തെ ആശ്രയിച്ചുകൊണ്ടല്ലല്ലോ.

പ്രസ്തുത പ്രഭാഷണത്തിൽ ജ. കപാഡിയ പ്രകടിപ്പിച്ച മറ്റുചില അഭിപ്രായങ്ങൾ ഇതിനെക്കാൾ ശ്രദ്ധേയവും ഗുരുതരവുമാണ്. അദ്ദേഹം പറഞ്ഞു: 'ഒരു മതത്തിന്റെ അടിത്തറ ഭയവും ആർത്തിയും പ്രതീക്ഷയും സ്വർഗനരക സങ്കൽപവുമാണെങ്കിൽ അതിലെ ചില അംഗങ്ങളോ ഗ്രൂപ്പുകളോ തീർച്ചയായും ആ വിശ്വാസങ്ങളെ ചൂഷണം ചെയ്യും. തൽഫലമായി ആളുകൾ ഭീകരപ്രവർത്തനങ്ങളിലേക്ക് തള്ളിവിടപ്പെടുകയും ചെയ്യും.'

ഏതെങ്കിലും സാധാരണ രാഷ്ട്രീയക്കാരനിൽനിന്നോ നിരീശ്വര നിർമത പ്രസ്ഥാനങ്ങളുടെ നേതാക്കളിൽനിന്നോ ആണ് ഈ അഭിപ്രായ പ്രകടനമെങ്കിൽ കാര്യമാക്കാനില്ലായിരുന്നു. അടുത്തുതന്നെ ഇന്ത്യയുടെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പദവി ഏറ്റെടുക്കാൻ പോകുന്ന അത്യുന്നത നിയമജ്ഞനായ ജ. കപാഡിയയെപ്പോലൊരു വ്യക്തിത്വത്തിൽനിന്നാകുമ്പോൾ അതത്ര നിസ്സാരമായി കണ്ടുകൂടാ. ദൈവത്തെയും മതത്തെയും കുറിച്ച് ജസ്റ്റിസിന്റെ വീക്ഷണമെന്തെന്ന് നമുക്കറിഞ്ഞുകൂടാ. അതെ

ന്തായാലും രക്ഷാശിക്ഷകളെയും താക്കീതിനെയും സുവിശേഷത്തെയും കുറിച്ചുള്ള പരാമർശങ്ങൾ അദ്ദേഹം സൂചിപ്പിക്കുന്നത് ഒരു പ്രത്യേക മതത്തെയാണെന്നും അതേതാണെന്നും വ്യക്തമാക്കുന്നു. രക്ഷാശിക്ഷകളിലും സ്വർഗനരകങ്ങളിലുമുള്ള വിശ്വാസത്തിലധിഷ്ഠിതമായ മതത്തെ രാജ്യത്ത് വളരാനനുവദിച്ചുകൂടാ എന്ന് മുറവിളി കൂട്ടുന്ന വിഭാഗത്തിന്റെ സ്വാധീനമാണ് അതിൽ മുഴച്ചു കാണുന്നത്. ജനാധിപത്യ വിരുദ്ധമായ ഈ പ്രവണത മതപരിവർത്തനത്തിന്റെ ആപത്തുകളെക്കുറിച്ചും മതപരിവർത്തനം നിയമംമൂലം നിരോധിക്കുന്നതിനെക്കുറിച്ചുമുള്ള ചൂടുപിടിച്ച ചർച്ചയായി വളർന്നിരിക്കുന്നു. ചില സംസ്ഥാനങ്ങൾ ഇതിനകം മതപരിവർത്തന നിരോധ നിയമം നിർമിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ സമൂഹത്തിന്റെ മേൽത്തട്ടുകളിൽ ആധിപത്യം നേടിക്കൊണ്ടിരിക്കുന്ന വിചാരധാര എന്താണെന്നാണ് ജസ്റ്റിസ് കപാഡിയയുടെ അഭിപ്രായപ്രകടനം നമ്മെ ഉണർത്തുന്നത്. മുസ്‌ലിം സമൂഹം ഇത് ഗൗരവപൂർവം കണക്കിലെടുക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്.

രക്ഷാശിക്ഷകളിലുള്ള വിശ്വാസം അപകടകരമാണോ എന്നതാണ് ബഹു. ജസ്റ്റിസിന്റെ പ്രഭാഷണം ഉയർത്തുന്ന മറ്റൊരു ചർച്ചാവിഷയം. അപകടകരമാണെങ്കിൽ കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ശിക്ഷാ നടപടികൾ നിർദേശിക്കുന്ന നമ്മുടെ ക്രിമിനൽ കോഡിനെ എങ്ങനെയാണ് കാണേണ്ടത്? പട്ടാളത്തിലും പോലീസിലും വിശിഷ്ട സേവനം കാഴ്ചവെക്കുന്നവർക്ക് പദവികളും പുരസ്കാരങ്ങളും നൽകുന്ന സമ്പ്രദായവുമുണ്ട്.

വേണ്ടത് മനുഷ്യൻ നല്ലതും ചീത്തയും സ്വയം വേർതിരിക്കുകയും നല്ലതു കൊള്ളുകയും ചീത്ത തള്ളുകയും തന്നെയാണ്. പക്ഷേ പ്രായോഗിക ജീവിതത്തിൽ അതു സംഭവിക്കുന്നില്ല. അതുകൊണ്ടാണ് എല്ലാ രാജ്യങ്ങളും ശിക്ഷാ നിയമം നടപ്പിലാക്കിയിട്ടുള്ളത്. അധിക മനുഷ്യരെയും കുറ്റകൃത്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കുന്നത് ശിക്ഷാഭയമാണ്. നിയമവും പോലീസും വേണ്ടത്രയുണ്ടായിട്ടും കുറ്റവാസന മികച്ചുനിൽക്കുന്നവർ നിയമം ലംഘിച്ച് കുറ്റകൃത്യങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കും. മനുഷ്യ നിർമിത നിയമങ്ങൾക്കൊന്നും മനുഷ്യരെ കുറ്റകൃത്യങ്ങളിൽനിന്ന് പൂർണമായി അകറ്റിനിർത്താനാവില്ല. അതുകൊണ്ടാണ് നിയമ സംവിധാനങ്ങളുണ്ടായിട്ടും സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകുന്നത്. പുരസ്കാരങ്ങളുടെ അവസ്ഥയും ഇതാണ്. അഴിമതിയും അക്രമവും ചെയ്യുന്ന വിരുതന്മാർ നിയമത്തിന്റെ വലക്കണ്ണികൾ പൊട്ടിച്ച് പുറത്തുകടന്ന് വിശിഷ്ട സേവാ പുരസ്കാരങ്ങൾ നേടുന്നു. ലംഘിക്കാനാവാത്ത ഒരു നിയമം, പൊട്ടിക്കാനാവാത്ത കണ്ണികളുള്ള ഒരു വല അവരെ കുരുക്കേണ്ടതില്ലേ? അങ്ങനെയൊരു ഭയം ഉണ്ടാക്കുന്നതാണോ അതല്ല ഇല്ലാതാകുന്നതാണോ യഥാർഥ ആപത്ത്? രക്ഷാ ശിക്ഷാ വിശ്വാസത്തിന്റെയും സ്വർഗനരക സങ്കൽപത്തിന്റെയും നിഷേധം ആത്യന്തികമായി ചെന്നെത്തുക പാപപുണ്യ സങ്കൽപങ്ങളുടെ നിഷേധത്തിലല്ലേ എന്നതും ഗൗരവപൂർവം ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ■